"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - തലശ്ശേരി നഗരസഭയിൽ കണ്ടിൻജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട ഇ തങ്കമണിയുടെ മകൻ ശ്രീ . നിഷാന്ത് - സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി നൽകിയും അപേക്ഷ പിൻവലിക്കാൻ അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1053/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2021

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീ . നിഷാന്തിന്റെ 29/05/2017 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 20.03.2015തീയതിയിലെ ഇ4-16026/12 നമ്പർ കത്ത്.

4. 18/05/2004 തീയതിയിലെ 6678/ഉ.പസി/2004/ ഉ.പ.ഭ.വ നമ്പർ സർക്കുലർ

ഉത്തരവ്

തലശ്ശേരി നഗരസഭയിൽ കണ്ടിൻജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 29.05.2011-ൽ മരണപ്പെട്ട ഇ.തങ്കമണിയുടെ മകൻ ശ്രീ.നിഷാന്ത് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത് 20.11.2013 തീയതിയിലാണ്. പരാമർശം 1 ലെ ഉത്തരവനുസരിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി മരണ തിയതി മുതൽ 2 വർഷക്കാലയളവാണ്. എന്നാൽ ശ്രീ നിഷാന്ത് സമയപരിധി കഴിഞ്ഞ് 5 മാസത്തേയും 17 ദിവസവും കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. മേൽ കാലതാമസം മാപ്പാക്കി നല്കണമെന്നും മറ്റൊരു ജോലി ലഭിച്ചതിനാൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള അപേക്ഷ പിൻവലിച്ച് സഹോദരി ശ്രീമതി. ടി. ജിഷയ്ക്ക് അപേക്ഷ സമർപ്പിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ നിഷാന്ത് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി, തലശ്ശേരി നഗരസഭയിൽ കണ്ടിൻജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 29.05.2011-ൽ മരണപ്പെട്ട ഇ. തങ്കമണിയുടെ മകൻ ശ്രീ . നിഷാന്ത് അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി നൽകിയും ടിയാൻ സമർപ്പിച്ച അപേക്ഷ പിൻവലിക്കാൻ അനുമതി നല്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാതൃു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം .
സെക്രട്ടറി,തലശ്ശേരി നഗരസഭ .
ശ്രീ . നിഷാന്ത് , തങ്കം ,6-ാം മൈൽ ,കൊട്ടയംപൊയിൽ പി ഒ ,കണ്ണൂർ ,പിൻ കോഡ് 670691
ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി (ഇയു4/162/2015-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ